# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1362 — 20/01/14-ൽ മറുപടിക്ക്

## മാവേലി സ്റ്റോറുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മാവേലി സ്റ്റോറുകളിൽ അവശ്യ സാധനങ്ങൾ തീരെയില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) മാവേലി സ്റ്റോറുകളിൽ ആവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റീജിയൺ, ഡിപ്പോ തലത്തിൽ ആവശ്യമായ നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ എസ്.പി. തലത്തിലുള്ള ഉദ്യോഗസ്ഥൻ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി ആവശ്യ സാധനങ്ങൾ ആവശ്യാനുസരണം ഉണ്ട് എന്ന് ഉറപ്പ് വരുത്താറുണ്ട്. വിസ്തീർണ്ണം കുറവുള്ള ചില മാവേലി സ്റ്റോറുകളിലെ സ്ഥല പരിമിതി മൂലം അപൂർവ്വം ചില അവസരങ്ങളിൽ അവശ്യ സാധനങ്ങൾ എല്ലാം കൂട്ടതലായി സംഭരിച്ച് വെയ്ക്കുവാൻ കഴിയാത്ത സാഹചര്യങ്ങൾ ഉണ്ടാവാറുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ കൂടുതൽ പ്രാവശ്യം ഡിപ്പോകളിൽ നിന്നും സാധനങ്ങൾ എത്തിച്ച് അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നുണ്ട്. |
| ബി) ഈ സാമ്പത്തിക വർഷം മാവേലി സ്റ്റോറുകൾക്ക് എത്ര കോടി രൂപ നൽകിയെന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ നൽകുമോ ; | ബി) ഈ സാമ്പത്തിക വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി സർക്കാർ 110 കോടി രൂപ നൽകുകയുണ്ടായി. ഈ തുക ജില്ലാടിസ്ഥാനത്തിലല്ല നൽകിയിരുന്നത്. |

| | | | |
|---|---|---|---|
| സി) | ആകെ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | സി) | സംസ്ഥാനത്ത് ആകെ 922 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നു. ജില്ലാ തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു. |

| | | |
|---|---|---|
| 1. | തിരുവനന്തപുരം | - 94 എണ്ണം |
| 2. | കൊല്ലം | - 78 എണ്ണം |
| 3. | കോട്ടയം | - 60 എണ്ണം |
| 4. | പത്തനംതിട്ട | - 45 എണ്ണം |
| 5. | ഇടുക്കി | - 36 എണ്ണം |
| 6. | എറണാകുളം | - 91 എണ്ണം |
| 7. | ആലപ്പുഴ | - 57 എണ്ണം |
| 8. | പാലക്കാട് | - 76 എണ്ണം |
| 9. | തൃശ്ശൂർ | - 83 എണ്ണം |
| 10. | മലപ്പുറം | - 102 എണ്ണം |
| 11. | കോഴിക്കോട് | - 82 എണ്ണം |
| 12. | കണ്ണൂർ | - 70 എണ്ണം |
| 13. | കാസർ ഗോഡ് | - 28 എണ്ണം |
| 14. | വയനാട് | - 20 എണ്ണം |
| | | 922 എണ്ണം |

| | | | |
|---|---|---|---|
| ഡി) | കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | ഡി) | കേരളത്തിൽ ആകെയുള്ള 978 ഗ്രാമപഞ്ചായത്തുകളിൽ 63 പഞ്ചായത്തു കളിലൊഴികെ ബാക്കി എല്ലാ പഞ്ചായത്തുകളിലും ഇപ്പോൾ സപ്ലൈകോയുടെ വില്പനശാലകൾ പ്രവർത്തിച്ചു വരുന്നു. ബാക്കിയുള്ളവയിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകി മാവേലി സ്റ്റോറുകൾ ആരംഭിക്കാനുള്ള നടപടികൾ നടന്നു വരുന്നു. |

Beena

**സെക്ഷൻ ഓഫീസർ**